LIBRARY ARCHIVES Kerala Legislative Assembly

സഹകരണ സംഘങ്ങളിൽനിന്നും വാങ്ങുന്ന അരി

46 [1943] ശ്രീമതി മേഴ്സി രവി :
ശ്രീ. എം. എ. വാഹിദ് :
ശ്രീമതി രാധാരാഘവൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
,, വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി അരി വിൽപന നടത്തുന്നുണ്ടോ ; എങ്കിൽ അതിനാവശ്യമായ അരി സംഭരിക്കുന്നത് എപ്രകാരമാണ് ;

(ബി) ഈ വർഷം ഇതുവരെ എന്തു വിലയ്ക്കാണ് സിവിൽസപ്ലൈസ് കോർപ്പറേഷൻ അരി വാങ്ങിയത് ;

(സി) സഹകരണ സംഘങ്ങൾ കർഷകരിൽനിന്നും സംഭരിക്കുന്ന നെല്ല് അരിയാക്കി കൊടുത്താൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ അത് വാങ്ങാമെന്ന് സഹകരണ സംഘങ്ങളെ അറിയിച്ചിട്ടുണ്ടോ ;

(ഡി) ഇപ്രകാരം ഈ വർഷം ഇതുവരെയും എത്ര അരി വാങ്ങിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്. പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ആഫീസർ/ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി നെല്ല് സംഭരണ ഏജൻസിയായി അംഗീകരിച്ചിട്ടുള്ള സഹകരണ സംഘങ്ങളിൽനിന്നും കോർപ്പറേഷൻ മട്ട അരി വാങ്ങുന്നു.

(ബി) കി. ഗ്രാമിന് 12.00 രൂപയ്ക്ക് (പന്ത്രണ്ട് രൂപ മാത്രം).

(സി) ഉണ്ട്.

(ഡി) 838.40 എം. റ്റി. മട്ട അരി.

സിവിൽ സപ്ലൈസ് കോർപ്പറേഷന് നഷ്ടം ഉണ്ടാക്കിയ ഉദ്യോഗസ്ഥർ

47 [1944] ശ്രീ. ടി. എം. ജേക്കബ് :
,, ജോണി നെല്ലൂർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന് 75 കോടി രൂപ നഷ്ടം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;